# ആര്, എന്ത്, എന്തിന്?

ടി.കെ ഉബൈദ്

**റിയലിസവും** സർറിയലിസവും ഇന്നലത്തെ തലമുറയുടെ സാഹിത്യ സങ്കേതങ്ങളായിരുന്നു.

പുതിയ തലമുറയുടെ സാഹിത്യം ആധുനിക സാഹിത്യമാണ്. പുതിയവരിൽ പുതിയവരുടേത് അത്യന്താധുനിക സാഹിത്യവും.സാഹിത്യത്തിൽ കാലാനുകൂല പരിവർത്തനങ്ങൾ അസാധാരണമല്ല. നിലവിലുള്ള സങ്കേതങ്ങളിൽ പഴമയുടെ വാട സംലഗ്നമാകുമ്പോൾ, അപര്യാപ്തത അനുഭവപ്പെടുമ്പോൾ പരിവർത്തനങ്ങൾ സംജാതമാകാറുണ്ട്. ഈ പരിണാമ പ്രക്രിയയുടെ അവസാനത്തെ പടിയിലേക്കാണ് ഇപ്പോൾ സാഹിത്യം കാലെടുത്തുവെച്ചിട്ടുള്ളത്. അതത്രെ ആധുനികത.

എന്താണീ ആധുനിക സാഹിത്യം? ആശയങ്ങളും അനുഭൂതികളുമില്ലാത്ത കുറെ ചെറുപ്പക്കാർ പടച്ചുവിടുന്ന പദാവലികളുടെ സമുച്ചയമുണ്ട്; അവയല്ല. അവ ആധുനിക സാഹിത്യത്തിലെ കള്ളനാണയങ്ങളാണ്. മനുഷ്യമനസ്സിന്റെ അടിത്തട്ടിൽനിന്നുയിർക്കൊള്ളുന്ന വിചാര വികാരങ്ങളെ ഉന്മീലനം ചെയ്തു ആവിഷ്കരിക്കാൻ ശ്രമിക്കുന്ന സർഗ്ഗാത്മക കഴിവുകളുള്ള ഒരു വിഭാഗം യുവ എഴുത്തുകാരുണ്ട്. അവരാണ് യഥാർഥ ആധുനികന്മാർ. നൂതനമായ ഒരു രൂപശില്പം മാത്രമല്ല അവരുടെ കൃതികളുടെ സവിശേഷത. അവ ഒരു ജീവിത ദർശനം കൂടിയാകുന്നു.

സാഹിത്യത്തെ സാകല്യേന ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഈ ദർശന വിശേഷം അവഗണിക്കാവുന്നതല്ല. കാരണം ഇന്നത്തെ സാഹിത്യകാരന്റെ ദർശനം നാളത്തെ സമൂഹത്തിന്റെ ദർശനമാണല്ലോ.

പൗരാണികകാലം മുതലേ സാമൂഹ്യ ചേതനയെ രൂപപ്പെടുത്തിയിരുന്നത് സാഹിത്യമാണ്. മനുഷ്യ സമൂഹത്തിൽ അപ്പപ്പോഴായി സംഭവിച്ചിട്ടുള്ള വിധി നിർണ്ണായകങ്ങളായ വിപ്ലവങ്ങൾക്ക് ബീജാവാപം ചെയ്തിരുന്നതും സാഹിത്യം തന്നെ. പുരാതന കാലത്ത് സാഹിത്യമെന്നാൽ പൂർണ്ണതയിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തെ ത്വരപ്പെടുത്താനുള്ള ഒരു ഉപാധിയായിരുന്നു. ഈ ത്വരപ്പെടുത്തലിന്ന് അസമർത്ഥമെന്ന് തോന്നിയ സാഹിത്യ ശാഖകളെ ഉത്തമ സാഹിത്യമായി ഗണിക്കാനേ പൂർവ്വികർ തയ്യാറായിട്ടില്ല. പ്ലാറ്റോ കവിതയെ അനഭിലഷണീയ സാഹിത്യമെന്ന് വിളിച്ചത് അതുകൊണ്ടായിരുന്നു.

അക്കാലത്ത് സാഹിത്യകാരൻ ജനക്കൂട്ടത്തിന്റെ മുമ്പിൽ നടക്കേണ്ടവനും അവർക്ക് വഴികാട്ടേണ്ടവനുമായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിലെ ആധുനിക സാഹിത്യകാരൻ എഴുതാൻ തുടങ്ങുന്നതുതന്നെ ലോകം പൊക്കാൻ വേണ്ടിയാണ്. ഞങ്ങളെഴുതുന്നതെന്ന് ഞങ്ങൾ കളവു പറയുന്നില്ല എന്ന് വെട്ടിത്തുറന്ന് പറഞ്ഞുകൊണ്ടാണ്. ആത്മാവിഷ്കരണത്തിന്നു വേണ്ടിയാണത്രെ അവരെഴുതുന്നത്. ആത്മാവിഷ്കരണം അസ്തിത്വത്തെ സ്വാർഥകമാക്കാനും. നല്ല നാളെക്ക് വേണ്ടിയാണ് ഞങ്ങൾ സാഹിത്യരചന നടത്തുന്നത് എന്ന് പഴയ തലമുറ പറഞ്ഞിരുന്നത് കള്ളമാണെന്നാണ് അവർ വിധിച്ചിട്ടുള്ളത്. ഒരു വേള അത് ശരിയാണെന്ന് വെക്കുക. എന്നാൽ തന്നെ എഴുത്തുകാരന്ന് സമൂഹത്തോടും അതിന്റെ ചുറ്റുപാടുകളോടും ബന്ധമില്ലെന്ന് എങ്ങനെ കിട്ടുന്നു? അയാൾക്ക് അനുവാചകനോട് കടപ്പാടില്ലെന്ന് വരുന്നതെങ്ങനെ? സാഹിത്യകാരന്റെ കേവലമായ ആത്മാവിഷ്കാരം സംവേദനം ചെയ്തതുകൊണ്ട് അനുവാചകന് ലഭിക്കാനുള്ളത് എന്താണ്?

ആധുനികരുടെ വീക്ഷണത്തിൽ ഈ ചോദ്യങ്ങളൊക്കെ ശുദ്ധ അസംബന്ധങ്ങളാണ്. ഈ പ്രപഞ്ചത്തിൽ ഓരോ മനുഷ്യനും ഏകാകിയാണ്. ആത്യന്തികമായി ഒറ്റക്കാണ്.

അതുകൊണ്ട് സാമൂഹ്യതയും അതിന്റെ നിയമക്രമങ്ങളും ക്രിത്രിമങ്ങളാണ്. അവയെ ഉത്സാദനം ചെയ്ത് ഏകാന്തതാ ബോധത്തോടുകൂടി ജീവിക്കുന്നതാണ് അസ്തിത്വത്തോട് നീതി പുലർത്തിക്കൊണ്ടുള്ള നിലപാട്. ഇതാണ് മനുഷ്യരെ സംബന്ധിച്ചുള്ള ആധുനികരുടെ ദർശനം. 20-ാം നൂറ്റാണ്ടിൽ നിർദ്ധാരണം ചെയ്യപ്പെട്ട ഏറ്റവും വലിയ സത്യമായി ആധുനികർ ഉയർത്തിപ്പിടിക്കുന്ന, ഡി. എച്ച്. ലോറൻസിന്റെ വാക്കുകളിതാ: "ഞാൻ ഞാനായിരിക്കുന്നേടത്തോളം, ഞാൻ ഞാൻ മാത്രമായിരിക്കുന്നേടത്തോളം, ഞാൻ അനിവാര്യമായും അനന്തമായും ഒറ്റക്കായിരിക്കുന്നേടത്തോളം, അതറിയുന്നത്, അതംഗീകരിക്കുന്നത്, അതെന്റെ ആത്മജ്ഞാനത്തിന്റ കാതലാക്കി ജീവിക്കുന്നത് എന്റെ ആത്യന്തികമായ അനുഗ്രഹമാണ്."

മനുഷ്യൻ ആര് എന്ത് എന്തിന്? ഈ ചോദ്യങ്ങൾക്ക് മറുപടികാണാനുള്ള തീവ്രയത്നമാണ് ആധുനികത എന്നാണ് ഇക്കൂട്ടരവകാശപ്പെടുന്നത്. സത്യമില്ല, സ്ഥലകാലങ്ങളില്ല എന്ന മുഖവുരയോടുകൂടിയാണ് ഈ അന്വേഷണമാരംഭിക്കുന്നത്. മലയാളത്തിലെ ഒരു ആധുനികനായ എൻ. എൻ. പിള്ള പാടുന്നു.

സത്യമൊന്നില്ലല്ലോ
മിഥ്യയാണെല്ലാം വെറും
മർത്ത്യ ഭാവനയുടെ
സ്വപ്നവും സങ്കല്പവും.
മായതൻ മറക്കുള്ളിൽ
ജീവിതം പല പല
ഭാവത്തിലാടിപ്പാടും
നാടകമാണീ ലോകം.

നീതിയും ധർമ്മവുമൊക്കെ കേവലം മിഥ്യകളാണ്. തഥ്യം കണ്ടെത്തപ്പെടേണ്ടതായിട്ടാണിരിക്കുന്നത്. അത് കണ്ടെത്താനുള്ള അന്വേഷണമാണത്രെ ആധുനിക സാഹിത്യം.

ഒന്നിലും വിശ്വസിക്കാതിരിക്കുക ആധുനികന്റെ മുഖമുദ്രയാണ്. അസ്തിത്വത്തിന്റെ അന്തകനായിട്ടാണ്, സ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടാനുള്ള കുരുട്ടു ചങ്ങലയായിട്ടാണ് അവൻ വിശ്വാസത്തെ കാണുന്നത്. ഒന്നിലും വിശ്വസിക്കാതിരിക്കുക എന്ന ഏകവിശ്വാസമാണവനെ ഭരിക്കുന്നത്. റാൽഡോൾഫ്ബൺ പറഞ്ഞു: "ആധുനിക കവി ഒന്നും പരൽ രൂപത്തിലെത്താൻ സമ്മതിക്കില്ല. അയാൾ വിഭജിക്കുന്നു. കുഴക്കുന്നു. അലോസരപ്പെടുത്തുന്നു. ബൗദ്ധിക സലിലത്തെ ഇളക്കി മറിക്കുന്നു. ലേശം ജലമെങ്കിലും മഞ്ഞുകട്ടയാവാൻ അനുവദിക്കില്ല."

സാർത്രേയുടെ നായകൻ പറയുന്നു: "ഞാൻ വിശ്വസിക്കില്ല. വിശ്വസിച്ചാൽ ഞാൻ മുട്ടുകുത്തും."

ശ്ലീലാശ്ലീലാ വിവേചനം യഥാർഥ സാഹിത്യത്തിൽ വെച്ചുതന്നെ ഏറെക്കുറെ മരിച്ചു കഴിഞ്ഞതാണ്. ശവം കുഴിച്ചുമൂടേണ്ട ജോലിമാത്രമേ ആധുനികന്ന് അവശേഷിച്ചിരുന്നുള്ളൂ. ഇപ്പോഴാകട്ടെ ആധുനികത കൃതികളിൽ-വിശേഷിച്ചും നാടകങ്ങളിൽ അശ്ലീലാഭാസങ്ങളുടെ പേക്കൂത്ത് ഉല്പതിഷ്ണുക്കൾക്ക് പോലും സഹിക്കുന്നില്ലെന്നാണ് പരാതി.

ആധുനികർ എന്തവകാശപ്പെട്ടാലും മനുഷ്യനെ പൂർണ്ണതയുടെ അത്യുന്നതങ്ങളിലേക്ക് ഉയർത്താനും വളർത്താനും ഈ സാഹിത്യത്തിന് കഴിയില്ല. അധമത്വത്തിന്റെ അടിത്തട്ടിലേക്ക് താഴ്ത്താനും തളർത്താനും മാത്രമേ കഴിയൂ. ആധുനിക സാഹിത്യത്തിന് അനുവാച ലോകത്ത് വല്ലതും സൃഷ്ടിക്കാൻ കഴിയുമെങ്കിൽ അത് അലസതയും ഏകാന്തതാബോധവുമാണ്; മൂല്യവിധ്വംസനവും സന്ത്രാസവുമാണ്. ജീവിതത്തിന്റെ ആഴവും അർഥവും കാണിച്ചുകൊടുക്കുന്നതിന് പകരം അപാരവും വിഭീഷണവുമായ ശൂന്യതയാണ് അധുനിക കൃതികൾ അനുവാചകന്റെ മുമ്പിൽ തുറന്നിടുന്നത്. ജീവിത യാഥാർഥ്യങ്ങളെ ധീരതയോടെ നേരിടാനല്ല അവ ആഹ്വാനം ചെയ്യുന്നത്. മറിച്ചു സാക്ഷാൽ ജീവിതത്തിൽനിന്ന് കള്ളിലേക്കും കഞ്ചാവിലേക്കും ആത്മഹത്യയിലേക്കും ഒളിച്ചോടിപ്പോകാനാണ്. എം, മുകുന്ദന്റെ നായകൻ രവിക്കുറിപ്പിന്റെ ഈ വാക്കുകൾ ശ്രദ്ധിക്കുക."വത്സലേ, ഞാൻ വ്യഭിചരിച്ചത് പാപമല്ല. മോഷ്ടിച്ചത് പാപമല്ല. പരദൂഷണം പറഞ്ഞത് പാപമല്ല. ഞാൻ ഈ ഭൂമിയിൽ ജനിച്ചതാണ് പാപം."

പഴയ തലമുറക്കാരായ എഴുത്തുകാർ സാഹിത്യത്തിന്റെ ഈ പോക്കിനെ എതിർക്കുന്നുണ്ട്. ചിലരുടെ എതിർപ്പ് രൂപശില്പത്തോടാണ്. അതിന്റെ ദുർഗ്രഹതയോടാണ്. എങ്കിലും ആധുനിക ദർശന വൈകൃതങ്ങളെ എതിർക്കുന്നവരായും ചിലരുണ്ട്. പക്ഷെ, എല്ലാവരും ഒരു കാര്യം വിസ്മരിക്കുന്നു. റിയലിസത്തിന്റെയും സർറിയലിസത്തിന്റെയും സ്വാഭാവിക പരിണാമം മാത്രമാണ് ആധുനികത. വിശ്വാസങ്ങളെയും മതാദ്ധ്യാപനങ്ങളെയും സാഹിത്യത്തിൽനിന്ന് ഉപസർജ്ജിച്ചത് റിയലിസമാണ്. താല്ക്കാലിക പ്രായോഗിക താൽപര്യങ്ങൾക്കു വേണ്ടി സനാതന മൂല്യങ്ങളെ കൈവെടിഞ്ഞത് റിയലിസമാണ്. ദൈനംദിന ജീവിതത്തിന്റെ റിപ്പോർട്ടുകൾ സാഹിത്യമാക്കി മാറ്റിയതും റിയലിസമാണ്. റിയലിസത്തിന്റെ ഊടും പാവും പഴയതായി ആധുനികന്നു തോന്നി. അവൻ സാഹിത്യത്തെ ദൈനംദിന ജീവിത റിപ്പോർട്ടുകൾക്ക് പകരം സ്വന്തം മനസ്സിൽ മിന്നിമറയുന്ന വികാര വിചാരങ്ങളുടെ റിപ്പോർട്ടാക്കി മാറ്റി. സനാതനവും സ്ഥായിയുമായ മൂല്യങ്ങളെ ഉച്ചാടനം ചെയ്ത പഴയ തലമുറ ആവിഷ്കരിച്ച പുതിയ മൂല്യങ്ങളും തകർന്നു കഴിഞ്ഞതായി ആധുനിക എഴുത്തുകാരൻ അറിഞ്ഞു. അയാൾ അവയെയും പുറം തള്ളി. പകരമായി എന്തെങ്കിലും കാഴ്ച വെക്കുവാൻ അവനൊട്ട് കഴിഞ്ഞതുമില്ല. അപ്പോൾ സാഹിത്യം ആധുനിക സാഹിത്യമായി; ശൂന്യതയുടെ സാഹിത്യമായി.

ഇത് കേവലമായ മാറ്റത്തിന് വേണ്ടിയുള്ള മാറ്റമല്ല. സാഹിത്യ ചരിത്ര ഗതിയുടെ--മനുഷ്യ ചരിത്ര ഗതിയുടെ തന്നെ ഒരനിവാര്യതയാണ്. ദൈവത്തെയും ആദ്ധ്യാത്മികവും സനാതനവുമായ മൂല്യങ്ങളെയും ഇന്നലത്തെ തലമുറ പുറം തള്ളി. പകരം വന്നത് സോഷ്യലിസം ജനാധിപത്യം സെക്യുലരിസം ദേശീയത്വം തുടങ്ങിയ സിദ്ധാന്തങ്ങളും, സമത്വം സ്വാതന്ത്ര്യം സാഹോദര്യം മുതലായ മൂല്യങ്ങളുമായിരുന്നു. ഇവയൊന്നും അതീന്ദ്രിയ വിജ്ഞാനത്തോടോ അഗോചര വിശ്വാസത്തോടോ ബന്ധപ്പെട്ടതല്ല. അതുകൊണ്ടു തന്നെ അവക്ക് മനുഷ്യന്റെ വൈകാരിക ദാഹം ശമിപ്പിക്കാൻ കഴിഞ്ഞില്ല. അവ സ്ഥാപിച്ചതും സമർത്ഥിച്ചതും കേവലം യുക്തി കൊണ്ടായിരുന്നു. അദൃശ്യവിശ്വാസത്തിൽ നിന്നകന്ന് കേവലം യുക്തിയുടെ വെളിച്ചത്തിൽ കൂടുതൽ മുന്നോട്ടു പോയപ്പോൾ കഴിഞ്ഞ തലമുറ ആവിഷ്കരിച്ച മൂല്യങ്ങളും മിഥ്യകളാണെന്ന് പുതിയ തലമുറക്ക് തോന്നിത്തുടങ്ങി. രണ്ട് മഹായുദ്ധങ്ങൾ യാറോപ്പിൽ സൃഷ്ടിച്ച ദുരന്തങ്ങൾ ആ മൂല്യങ്ങളുടെ കൃത്രിമത്വത്തെ സ്ഥിരീകരിക്കുകയും ചെയ്തു.

മനുഷ്യൻ വയറിന്റെ സൃഷ്ടിയാണെന്ന മാർക്സിന്റെ വാദം കളവാണെന്ന് ചിന്തിക്കുന്ന പാശ്ചാത്യർക്കു ബോധ്യമായി. വയറിനേക്കാളുപരി എന്തോ ഒന്നാണ് മനുഷ്യനെന്ന് അവൻ അനുഭവിച്ചറിഞ്ഞു. മനുഷ്യൻ മനുഷ്യന്റെ സർവ്വാധികാരിയാണെന്ന ജനാധിപത്യത്തിന്റെ പ്രമാണവും തെറ്റാണെന്ന് അവനറിഞ്ഞു. തനിക്കന്യമായ, അതീതമായ ഏതോ ഒരു ശക്തിയുടെ നിയന്ത്രണത്തിൻ കീഴിലാണ് താനെന്ന് അവന്ന് തോന്നിത്തുടങ്ങി. എന്നാൽ തനിക്കന്യവും അതീതവുമായ ബോധവും ഇഛാശക്തിയുമുള്ള ഒരു ആസ്തിക്യം അംഗീകരിക്കുവാൻ തെറ്റായ ശാസ്ത്ര പഠനം അവനെ അനുവദിച്ചതുമില്ല.

സാധാരണക്കാരൻ അറിയാനും അനുഭവിക്കാനും പോകുന്നത് ആദ്യമായി അനുഭവിക്കുന്നത് സാഹിത്യകാരനാണ്. അതുകൊണ്ടായിരിക്കണം യൂറോപ്പിലും ഈ മോഹഭംഗവും മൂല്യത്തകർച്ചയും സാഹിത്യകാരന്മാരിലാണ് ആദ്യം പ്രകടമായത്. ആധുനിക സാഹിത്യത്തിന്റെ രൂപശില്പത്തിനു തുടക്കം കുറിച്ചത് ടി. എസ്. ഇലിയട്ടാണെങ്കിലും ഒരു പ്രത്യേക ജീവിത ദർശനം എന്ന നിലക്ക് ആധുനികതയുടെ പിതാവ് ബോദ്‌ലയറാണ്. സാഹിത്യത്തിൽനിന്ന് നന്മ തിന്മാ വിവേചനം എടുത്തുകളയാൻ ശ്രമിച്ചത് അദ്ദേഹമായിരുന്നു. തിന്മ എന്നു പറയപ്പെടുന്നതിലുമുണ്ട് സൗന്ദര്യം എന്നായിരുന്നു ബോദുലയർ സിദ്ധാന്തിച്ചത്. മറ്റൊരാചാര്യനായ കാഫ്ക, ഒരിക്കലും പൂർത്തീകരിക്കപ്പെടാത്ത ആഗ്രഹങ്ങൾ കൊണ്ട് ശിക്ഷിക്കപ്പെട്ടവനാണ് മനുഷ്യൻ എന്ന് വിളംബരം ചെയ്തു. കൂട്ടിലടക്കപ്പെട്ട പാറിപ്പറക്കാൻ വെമ്പുന്ന ഒരു ചിത്രശലഭത്തോടാണ് കാഫ്ക മനുഷ്യാവസ്ഥയെ ഉപമിച്ചത്.

പിന്നീട് വന്ന സാർത്രേയുടെ എക്സിസ്റ്റൻഷ്യലിസവും കൂടി ആയപ്പോൾ ആധുനികത ഒരു ദർശനമായി അറിയപ്പെട്ടു. തർക്ക ശാസ്ത്രത്തിന്റെ ചടചടാരവം ഒഴിവാക്കിയാൽ, താന്തോന്നിത്തത്തിന് തത്വശാസ്ത്രത്തിന്റെ മൂടുപടമണിയിച്ചതാണ് എക്സിസ്റ്റൻഷ്യലിസം എന്ന് സംക്ഷിപ്തമായി പറയാം.

ക്വാണ്ടം തിയറി, ഊർജ്ജതന്ത്രം, നരവംശ ശാസ്ത്രം തുടങ്ങിയ ശാസ്ത്രശാഖകളിലെ കണ്ടുപിടുത്തങ്ങൾ എന്നിവയും ആധുനികതയെ സ്വാധീനിച്ചിട്ടുണ്ട്.

ഇവയെല്ലാം കൂടിക്കലർന്നുണ്ടായത് നിയതവും വസ്തുനിഷ്ഠവുമായ ഒരു ദർശനമല്ല. ആവുക സാധ്യവുമല്ല. ശാസ്ത്രജ്ഞന്റെ സിദ്ധാന്തങ്ങളും മോഹഭംഗം കൊണ്ട് ദു:ഖിക്കുന്ന സാഹിത്യകാരന്റെ അനുഭൂതികളും തമ്മിലുള്ള അവിഹിതമായ കൂട്ടുകെട്ടിൽ നിന്നും ഉയിർകൊണ്ടത് ഒരു ദർശന വൈകൃതമാണ്. ഈ വൈകൃതം സാഹിത്യകാരൻ ചടഞ്ഞിരുന്ന് പടച്ചുണ്ടാക്കിയതുമല്ല. മുൻ തലമുറ ചൂണ്ടിക്കാണിച്ച പിഴച്ച വഴിയിലൂടെ കുറേക്കൂടി മുമ്പോട്ടു വന്നപ്പോൾ അനിവാര്യമായി എത്തിച്ചേർന്നതാണ് അവനീ ദർശനത്തിൽ.

ഇന്ദ്രിയത്തിന്നു ഗോചരമല്ലാത്തതോ പദാർത്ഥാതീതങ്ങളോ ആയ യാതൊന്നും ഇല്ലെന്ന് അവനെ പഠിപ്പിച്ചത് പഴയ തലമുറയാണ്. അറിവ് ലഭിക്കാനുള്ള മാർഗ്ഗം മനുഷ്യബുദ്ധിയും ഇന്ദ്രിയാനുഭവങ്ങളും മാത്രമാണെന്ന അബദ്ധധാരണ സൃഷ്ടിച്ചതും അവർ തന്നെയാണ്. അതേ വഴിക്ക് ചിന്തിച്ച് കുറേക്കൂടി മുന്നോട്ടു വന്നപ്പോൾ മുമ്പിൽ കാണുന്ന പഴയതും പുതിയതുമായ എല്ലാ മൂല്യങ്ങളും മിഥ്യയാണെന്ന് മനസ്സിലാക്കാൻ അവൻ നിർബന്ധിതനായി. ആധുനികർ ചോദ്യം ചെയ്തുകൊണ്ടാണ് എല്ലാറ്റിനെയും സമീപിക്കുന്നത്. ലൈംഗിക വികാരം മനുഷ്യപ്രകൃതിയാണ്. ആദ്യകാലത്ത് അതിന്ന് നിയമങ്ങളും ചട്ടങ്ങളുമുണ്ടായിരുന്നില്ലെന്ന് ചരിത്രവും നരവംശ ശാസ്ത്രവും പറയുന്നു. പിൽക്കാല മനുഷ്യനാണ് സദാചാര ചട്ടങ്ങളുണ്ടാക്കിയത് അപ്പോൾ ആ നിയമങ്ങളും ചട്ടങ്ങളും കൃത്രിമങ്ങളാണ്. അവൻ ആ വ്യവസ്ഥയെ ഉപേക്ഷിക്കുന്നു. അകൃത്രിമനാകാൻ, സത്യസന്ധനാകാൻ.

സാഹോദര്യവും സത്വവും സാമൂഹ്യതയും ഒന്നും അവന്ന് പ്രശ്നമല്ല. അവൻ ഒറ്റക്കാണ്. അവന്ന് വലുത് അവന്റെ ഇച്ഛയാണ്. മോഹങ്ങളാണ്. സമൂഹത്തിന്ന് വേണ്ടി അവ ബലി കഴിക്കാൻ അവൻ തയ്യാറില്ല. സാമൂഹ്യതാൽപര്യങ്ങൾക്ക് വേണ്ടി താൻ ത്യാഗം ചെയ്യുന്നതെന്തിന്? താനുണ്ടെങ്കിലല്ലെ തനിക്കീ പ്രപഞ്ചമുള്ളൂ. താനില്ലാതായാൽ തന്നെ സംബന്ധിച്ചിടത്തോളം ഈ പ്രപഞ്ചവുമില്ല.

ഇങ്ങനെ മുമ്പോട്ടു ചെന്നാൽ ചെന്നെത്തുന്നത് ശൂന്യതയിലാണ്. പേടിപ്പെടുത്തുന്ന ശൂന്യതയിൽ. ജനനമെന്ന യാദൃഛികതയിൽനിന്ന് മോഹങ്ങളിലൂടെയും മരണമെന്ന യാദൃഛികതയിലേക്കുള്ള പ്രശ്നജടിലമായ പ്രയാണം അവന്നൊരു പ്രഹേളികയായിത്തീരുന്നു. തനിക്കതീതമായ ഒരു ശക്തിയിൽ വിശ്വസിക്കാൻ ശാസ്ത്രം(?) സമ്മതിക്കുന്നില്ല. ഈ അവസ്ഥ അവനെ വിഭ്രാന്തനാക്കുന്നു. ആര് എന്ത് എന്നവൻ ചോദിക്കുന്നു. അവൻ ഉത്തരം നല്കപ്പെടുന്നില്ല. അവന്റെ മുമ്പിൽ ബീഭത്സമായ ശൂന്യത മാത്രം അവശേഷിക്കുന്നു.

ഈ ശൂന്യതയുടെ, മോഹഭംഗത്തിന്റെ വാചീകരണമാണ് ബോദ്‌ലയറുടെയും കാഫ്ക്കയുടെയും കൃതികൾ. പാശ്ചാത്യരിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു പ്രവണതയല്ല ഇത്. ശാസ്ത്രവും പുതിയ മൂല്യങ്ങളും ഉയിരെടുത്തേടത്ത് സ്വാഭാവികമായും അത് ആദ്യം പ്രകടമായെന്ന് മാത്രം. കുറച്ചു കാലമായി ഹിന്ദി, മലയാളം തുടങ്ങിയ ഭാരതീയ ഭാഷകളിലും ഇത്തരം സാഹിത്യം പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു. എം.ടി. വാസുദേവൻനായരുടെ കാലത്തിൽ ഈ ശൂന്യത തെളിഞ്ഞു കാണാം. ഖസാക്കിന്റെ ഇതിഹാസത്തിൽ ഒ. വി. വിജയനും ഈതേ ശൂന്യതയിൽ അലഞ്ഞുതിരിയുന്ന മനുഷ്യനെയും അവന്റെ ലൈംഗിക വൈകൃതങ്ങളെയും ചിത്രീകരിച്ചിരിക്കുന്നു. എം. മുകുന്ദന്റെ ഹരിദ്വാറിൽ മുഴങ്ങുന്നത് നിതാന്തമായ ഈ ശൂന്യതയോടുള്ള പ്രതിഷേധമാണ്.

വളർന്ന് വികസിക്കുന്ന ശാസ്ത്രത്തിന്റെയും പ്രായോഗിക രംഗത്ത് തകർന്ന് താഴുന്ന മൂല്യങ്ങളുടെയും മദ്ധ്യേ ജീവിക്കുന്നവർ തന്നെയാണ് അനുവാചകരും. ഈ അന്തരീക്ഷത്തിൽ ജീവിതം വ്യർത്ഥമാണെന്നും ശൂന്യതയാണെന്നും അനുവാചകനെ ബോധ്യപ്പെടുത്താൻ ആധുനിക സാഹിത്യത്തിന്ന് ക്ഷിപ്രസാധ്യമാണ്. അത് വിക്ഷേപിക്കുന്ന പുതിയ അനുഭൂതി വിശേഷം മനുഷ്യാവസ്ഥയെ മയക്കിക്കിടത്തുന്നു. എല്ലാ മൂല്യങ്ങളെയും സ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടുന്ന ചങ്ങലയെന്നും പൊയ്മുഖങ്ങളെന്നും അധിക്ഷേപിച്ച് വലിച്ചെറിഞ്ഞ് പൂർണ്ണ നഗ്നനായി ശൂന്യതയിൽ വിലയിക്കാൻ അതവനെ പ്രേരിപ്പിക്കുന്നു.

ആധുനിക സാഹിത്യത്തിന്റെ ജന്മഭൂമികളിൽ ഈ പ്രക്രിയ ആരംഭിച്ചുകഴിഞ്ഞു. അവിടെ യുവതലമുറ എല്ലാ ബന്ധനങ്ങളും വിഛേദിച്ചു പൂർണ്ണ സ്വതന്ത്രരായി എൽ. എസ്. ഡി യുടെയും ലൈംഗിക വികാരത്തിന്റെയും മാത്രം അടിമത്തത്തിലേക്ക് ഇരച്ചു കയറിക്കൊണ്ടിരിക്കുകയാണ്. അനേകം നിരപരാധികളെ നിഷ്കരുണം വധിച്ച ഒരു ഹിപ്പി ഈയിടെ പോലീസ് കാരനോട് പറഞ്ഞ വാക്കുകൾ മനുഷ്യപുരോഗതിയുടെ പെരുമ്പറയടിച്ചു നടക്കുന്നവരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. “നിങ്ങളെക്കാൾ നല്ലവൻ ഞാൻ തന്നെയാണ്.” ഇത് കേവലമൊരു ഭ്രാന്തൻ ജല്പനമായി കണക്കിലെടുക്കാമോ? മരിച്ചു കഴിഞ്ഞ മൂല്യങ്ങളുടെ ശവംകൊണ്ട് വഞ്ചനയുടെ പൊയ്മുഖം അണിഞ്ഞു നടക്കുന്നതിനേക്കാൾ നല്ലത് നഗ്നനാവുകായയാണെന്ന് പറഞ്ഞാൽ അതപ്പടി ഭ്രാന്താണോ? ഇത്തരം പ്രവണതകളെ കേവലം ഭ്രാന്തായി അവഗണിക്കുകയാണെങ്കിൽ യുഗയുഗാന്തരങ്ങളായി മനുഷ്യൻ പ്രയത്നിച്ച് പടുത്തുയർത്തിയ സംസ്കാര നാഗരികതകൾ താമസിയാതെ മണ്ണടിയും. മനുഷ്യന്റെയും മൃഗത്തിന്റെയും ഇടയിലുള്ള അതിർവരമ്പുകൾ മായ്ക്കപ്പെടും. ‘പരിണാമത്തിന്റെ പടികൾ തിരിച്ചു ചവിട്ടുക’ എന്ന ആധുനികന്റെ ആഹ്വാനം അക്ഷരത്തിലും അർത്ഥത്തിലും സാക്ഷാല്ക്കരിക്കപ്പെടും. അതില്ലാതിരിക്കണമെങ്കിൽ ആര്, എന്ത്, എന്തിന് എന്ന ചോദ്യത്രയത്തിന്റെ ശരിയായ ഉത്തരം അവൻ കണ്ടെത്തണം.

എന്നാൽ പ്രസ്തുത ചോദ്യങ്ങളുടെ ഉത്തരം അവന്ന് സ്വയം കണ്ടെത്തുവാൻ കഴിയുകയില്ല. കാരണം പെട്ടെന്നുണ്ടായ ഒരു അടി തെറ്റലല്ല ആധുനിക പ്രവണത. നൂറ്റാണ്ടുകളായി വഴിതെറ്റി വന്ന മനുഷ്യൻ അവസാനം എത്തിച്ചേർന്ന അതിരില്ലാത്ത മരുഭൂമിയാണത്. ഇനിയും നേർവഴിയിൽ എത്തിച്ചേരാൻ അവൻ വളരെ വളരെ പിന്നോട്ടുപോകേണ്ടിയിരിക്കുന്നു. യൂറോപ്പിന്റെ നവോത്ഥാനം ഭൗതികമായ ഒരു വികാസമായി

രുന്നുവെങ്കിലും ആത്മീയമായി ഇരുട്ടിൽനിന്ന് കൂരിരുട്ടിലേക്കുള്ള പ്രയാണമായിരുന്നു. വ്യവസായ വിപ്ലവത്തിന്റെയും അത്മൂലം കൈവന്ന സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ സിദ്ധാന്തങ്ങളുടെയും കൃത്രിമ നിറപ്പകിട്ടുകണ്ട് അത്ഭുതപ്പെട്ട മനുഷ്യൻ തല്ക്കാലം ആത്മാവിനെ മറന്നു. ആ കൗതുകം കെട്ടടങ്ങിയപ്പോൾ; അതിന്റെ കൃത്രിമത്വം പ്രകടമായപ്പോൾ മനുഷ്യൻ അവനെക്കുറിച്ച് ചിന്തിക്കുകയാണ്. ആരാണ്, എന്തിനാണ്, എങ്ങോട്ടാണ്?

നൂറ്റാണ്ടുകളോളം തുടർന്നുവന്ന ഈ അപഥ സഞ്ചാരം അവനിൽനിന്ന് വിലപ്പെട്ട പലതും തട്ടിപ്പറിച്ചിരിക്കുന്നു. അവയിൽ പ്രധാനമായത് അവനാരാണെന്നും എന്തിനാണെന്നും എങ്ങോട്ടാണെന്നും അറിയാനുള്ള ഏക മാർഗ്ഗമായ അദൃശ്യ യാഥാർഥ്യങ്ങളിലുള്ള വിശ്വാസമാണ്. ഇന്ദ്രിയ ഗോചരമല്ലാത്തതും മിഥ്യയാണെന്ന പഴയതലമുറയുടെ അബദ്ധം ആവർത്തിക്കുന്നേടത്തോളം കാലം ആധുനികന്ന് ഈ ശൂന്യതയിൽ നിന്ന് മോചനമില്ല.

ഇങ്ങനെയൊരു ശൂന്യതയെക്കുറിച്ച് മുന്നറിയിപ്പ് നല്കിയ ഖുർആന്റെ സത്യത ഇവിടെ ഒരു പകൽവെളിച്ചമാണ്. ആയിരത്തിനാനൂറ് സംവത്സരങ്ങൾക്കു മുമ്പ് അത് പ്രഖ്യാപിച്ചു "കാലത്തെക്കൊണ്ട് സത്യം. നിശ്ചയമായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും പരസ്പരം സത്യവും ക്ഷമയും ഉപദേശിക്കുകയും ചെയ്തവരൊഴിച്ച്." (103:1-3)

ഈ യാഥാർഥ്യം മുൻകൂട്ടി കണ്ട ഖുർആന്ന് മാത്രമെ ഈ പ്രതിസന്ധിയിൽനിന്ന് മനുഷ്യനെ രക്ഷിക്കുവാൻ കഴിയൂ. മനുഷ്യന്ന് ഇന്നാവശ്യം അവനാരാണെന്നറിയുകയാണ്; മനുഷ്യനെ മനുഷ്യനായി അവതരിപ്പിക്കുന്ന ഒരു സിദ്ധാന്തമാണ്. മനുഷ്യൻ അവന്റെ തന്നെ ഏതെങ്കിലും അവയവത്തിന്റെയോ വികാരത്തിന്റെയോ സൃഷ്ടിയോ അടിമയോ ആണെന്ന് കള്ളം പറയാത്ത, മനുഷ്യൻ അവന്റെ സർവ്വാധിപതിയാമെന്ന് തെറ്റുധരിക്കാത്ത ഒരു സിദ്ധാന്തം. തന്റെ മോഹഭംഗങ്ങളുടെ ചുടലക്കാട്ടിൽനിന്നും സന്ത്രാസത്തിന്റെ ചൂടിൽനിന്നും അഭയം തേടാൻ പറ്റിയ ഒരു വിശ്വാസത്തിന്റെ ശീതളഛായ അവന്ന് വേണം. പക്ഷെ തനിക്ക് കുരിശിലേറ്റാൻ കഴിയുന്ന ദുർബ്ബലനായ ഒരു ദൈവത്തിൽ വിശ്വസിക്കാൻ അവന്ന് സാധ്യമല്ല. ക്ഷണികമായ പ്രാപഞ്ചിക പ്രതിഭാസങ്ങളേയോ നിർജ്ജീവ പദാർത്ഥങ്ങളേയോ ആരാധിക്കാനും അവന്ന് കഴിയുകയില്ല. ആധുനിക മനുഷ്യൻ അവന്റെ തന്നെ അടിമയാണ്. അവൻ അവന്റെ ഉടമാവകാശം തനിക്കതീതവും തന്നേക്കാൾ ഉന്നതവുമായ ഒരു ശക്തിക്ക് മാത്രമേ വിട്ടുകൊടുക്കൂ. ആ ശക്തി ആത്മാവിലെ ശൂന്യതയെ നികത്തുന്നതോടൊപ്പം അവന്റെ യുക്തിയോടും അനുഭവത്തോടും സമരസപ്പെടുകയും വേണം. ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്നത് പോലെത്തന്നെ വയറിന്റെ വിശപ്പ് മാറ്റാനും അതവനെ സഹായിക്കും. എന്തിനാണ് താനീ ഭൂമിയിൽ ജീവിക്കുന്നതെന്ന് അതവന്ന് വിശദീകരിച്ചു കൊടുക്കണം. എങ്ങോട്ടാണ് തന്റെ പരിണാമമെന്ന് അതവന്ന് മുന്നറിയിപ്പ് നൽകണം. അത്തരത്തിലുള്ള ഒരേയൊരു സിദ്ധാന്തമേ ലോകത്തുള്ളൂ. അതാണ് ഇസ്‌ലാം.

മനുഷ്യൻ ആര് എന്ത് എന്തിന്, ഈ ചോദ്യങ്ങൾ ഇന്നോ ഇന്നലെയോ ഉത്ഭവിച്ചതല്ല. ഒന്നാമത്തെ മനുഷ്യൻതന്നെ ചോദിച്ചിട്ടുള്ളതാണീ ചോദ്യം. ഈ ചോദ്യം ചോദിക്കാത്തവൻ മനുഷ്യനായി ജനിക്കാത്തവനാണ്. അല്ലെങ്കിൽ മരിച്ചവനാണ്. ഈ ചോദ്യങ്ങൾക്ക് വിവിധ കാലഘട്ടങ്ങളിലായി മനുഷ്യൻ കണ്ടെത്തിയ ശരിയും തെറ്റുമായ ഉത്തരങ്ങളുടെ ചരിത്രമാണ് മനുഷ്യ ചരിത്രം. അവക്ക് തെറ്റായ ഉത്തരങ്ങൾ കാണുകയോ ആ ചോദ്യങ്ങളെ അവഗണിക്കുകയോ ചെയ്തപ്പോഴൊക്കെ മനുഷ്യൻ വഴിതെറ്റിയിട്ടുണ്ട്. മനുഷ്യനിലെ മനുഷ്യത്വം മങ്ങിയിട്ടുണ്ട്. അപ്പോഴൊക്കെ കാരുണികനായ അല്ലാഹു ശരിയായ ഉത്തരവുംകൊണ്ട് അവന്റെ ദൂതന്മാരെ അയച്ചു. മനുഷ്യനെ രക്ഷിച്ചു. തിരുമേനി(സ) യുടെ ആഗമനകാലത്തെ സാമൂഹ്യസ്ഥിതിഗതികൾ വിശകലനം ചെയ്തുകൊണ്ട് ജെ. എച്ച്. ഡീൻസൻ എഴുതുന്നു. "അഞ്ചും ആറും ശതകങ്ങളിൽ നാഗരിക ലോകം ഭീബത്സമായ ആപത്ഗർത്തത്തിന്റെ തെല്ലിലെത്തിക്കഴിഞ്ഞിരുന്നു. സംസ്കാരത്തിന്റെ നെടും തൂണായിരുന്ന വിശ്വാസങ്ങൾ ദ്രവിച്ചു. തൽസ്ഥാനത്തവരോധിക്കാവുന്ന മറ്റൊന്നും ജന്മം കൊണ്ടതുമില്ല. നീണ്ട പതിനാല് നൂറ്റാണ്ടുകളിലെ നിരന്തര യത്നങ്ങളിലൂടെ മനുഷ്യൻ കെട്ടിപ്പടുത്ത സംസ്കാരത്തിൽ ശൈഥില്യത്തിന്റെ ചിഹ്നങ്ങൾ പ്രകടമായി. നിയമങ്ങളും വ്യവസ്ഥകളും തിരോധാനം ചെയ്തു. വർഗങ്ങളും ദേശങ്ങളും പരസ്പരം പടവെട്ടാനും കഴുത്തറുക്കാനും തുടങ്ങിയതോടെ മനുഷ്യവർഗം വീണ്ടും കാടൻ യുഗത്തിലേക്ക് തിരിച്ചുപോകുമെന്ന ഘട്ടത്തിലെത്തി. ക്രൈസ്തവ മതം സൃഷ്ടിച്ച സാമൂഹ്യ നിയമങ്ങൾ ഐക്യത്തിനും അച്ചടക്കത്തിനും പകരം ഛിദ്രതക്കും അവ്യവസ്ഥിതിക്കുമാണ് സഹായകമായത്. ശാഖോപശാഖകളായി മുഴുലോകത്ത് നിഴൽവിരിച്ച് നിൽക്കുന്ന നാഗരിക മഹാവൃക്ഷം കാതലോളം ചിതലരിത്ത് വീഴാനോങ്ങി നിന്നു. സാർവ്വത്രിക വിനാശത്തിന്റേതായ ഈ അന്തരീക്ഷത്തിലാണ് മുവുവൻ ലോകത്തേയും ഒന്നിപ്പിച്ച ആ മഹാ പുരുഷൻ ജന്മമെടുത്തത്."

കാരണങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും അതിനേക്കാൾ ഗുരുതരവും സങ്കീർണവുമാണ് ഇന്നത്തെ സ്ഥിതി. അശാന്തിയും അസ്വാസ്ഥ്യവും വിഭ്രാന്തിയും അന്നത്തേക്കാൾ കൂടുതലാണ് ഇന്നത്തെ മനുഷ്യൻ അനുഭവിക്കുന്നത്. മനുഷ്യഹൃദയത്തിന് ശാന്തിയുടെയും സമാധാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ശീതളമായ തണലേകുവാൻ പര്യാപ്തമായ വിശ്വാസമോ മൂല്യമോ എവിടെയുമില്ല. പാശ്ചാത്യരും പൗരസ്ത്യരും ഈ വിഷയത്തിൽ വ്യത്യാസമില്ല. ഇന്നല്ലെങ്കിൽ നാളെ സോഷ്യലിസവും മുതലാളിത്ത ജനാധിപത്യവും കേവലം പൊള്ളകളാണെന്ന് വ്യക്തമാവുമ്പോൾ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളിലുള്ള അമ്പരപ്പു മാറുമ്പോൾ, പൗരസ്ത്യരിലും ഈ ശൂന്യത സാർവ്വത്രികമാകും.

ഇനിയൊരു മഹാ പുരുഷൻ മനുഷ്യവർഗത്തെ രക്ഷിക്കാനായി ദൈവത്താൽ നിയോഗിതനാകുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. കാരണം മുമ്പൊരിക്കൽ സന്ദിഗ്ദാവസ്ഥയിൽ കൊണ്ടുവന്ന സന്ദേശങ്ങൾ അതേപടി ഇവിടെയുണ്ട്. അവ തകർക്കപ്പെട്ടിട്ടില്ല. ഉപേക്ഷിക്കപ്പെടുകയേ ചെയ്തിട്ടുള്ളൂ. ഔഷധത്തെയും ഡോക്ടറേയും വെറുക്കുന്ന രോഗിയായ കുട്ടിയെപ്പോലെ ലോകം അതിനെ തിരസ്കരിക്കുന്നുണ്ടാകാം. വെറുക്കുന്നുണ്ടാകാം. പക്ഷെ മനുഷ്യത്വത്തിന്റെ തകർന്നുകൊണ്ടിരിക്കുന്ന നട്ടെല്ല് നേരെയാക്കാൻ അതിന് മാത്രമേ കഴിയൂ.

അന്വേഷകനായ ആധുനിക

സാഹിത്യകാരൻ അതിനെ സ്വയം കണ്ടെത്തേണ്ടതായിരുന്നു. ദൗർഭാഗ്യവശാൽ അയാളുടെ അന്വേഷണം നിഷേധാത്മകമാണ്. എല്ലാറ്റിനെയും തകർക്കുക എന്നതുമാത്രമാണ് ആ അന്വേഷണം. അതുകൊണ്ട് ഒന്നും കണ്ടെത്താൻ കഴിയില്ല. കണ്ടെത്താനുള്ള അന്വേഷണം തല്ലിത്തകർക്കലോ ചുട്ടുകരിക്കലോ അല്ല. കണ്ണിൽപെടുന്ന ഓരോ വസ്തുവും തന്റെ അന്വേഷണ ലക്ഷ്യമാണോ എന്ന് പരിശോധിച്ച ശേഷമേ അവൻ ഉപേക്ഷിക്കാവൂ.

ആധുനികരുടെ അന്വേഷണം അന്വേഷണത്തിനു വേണ്ടിയുള്ള അന്വേഷണമാണ്. അസ്തിത്വത്തിന് ന്യായീകരണം കണ്ടെത്തുകയാണത്രെ അവരതുകൊണ്ട് നേടുന്നത്. കെ. സച്ചിതാനന്ദൻ എഴുതുന്നു:"ചോദ്യങ്ങൾ പുതിയ രീതിയിൽ ചോദിക്കുക മാത്രമാണ് അസ്തിത്വത്തിനുള്ള ന്യായീകരണം. മുരടൻ സിദ്ധാന്തങ്ങൾകൊണ്ട് ഉടൽ മറക്കാതെ ജീവിതത്തിലേക്ക് കടന്നു വരുന്ന കുട്ടികളെപ്പോലെയാണ് ആധുനികർ. ആധുനികർ അവരെപ്പോലെ വിലക്കപ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നു. ഉത്തരങ്ങളിൽ അവർ വിശ്വസിക്കുന്നില്ല."

എന്ത് പറഞ്ഞാലും വിശ്വസിക്കുകയില്ല എന്ന 'മുരടൻ' സിദ്ധാന്തക്കാരെ വിശ്വസിപ്പിക്കുവാൻ ആർക്കും കഴിയില്ല. എന്നാലും ഇസ്‌ലാം പ്രശ്നജടിലമായ ആധുനിക പരിസ്ഥിതികൾക്ക് ഒരു പരിഹാരമാണെന്ന് വിശ്വസിക്കുന്ന എഴുത്തുകാർ സംഘടിച്ച് കാലത്തിന്റെ ഭാഷയായ ആധുനിക രൂപശില്പങ്ങളിലൂടെ തന്നെ ഈ പ്രവണതയെ നേരിടുന്നതു അനുവാചക ലോകത്തെങ്കിലും വിജയിക്കാതിരിക്കില്ല. പക്ഷെ പെട്ടെന്നവർക്ക് അവാർഡുകളും സമ്മാനങ്ങളും ലഭിക്കില്ല. ആദ്യം അവർ കലയുടെ കൊലയാളിയെന്നു വിമർശിക്കപ്പെടും. ഒഴുക്കിനൊത്തു നീന്താൻ സന്നദ്ധനാവാത്തവർ അതൊക്കെ നേരിടേണ്ടി വരിക സ്വാഭാവികമാണ്. എങ്കിലും അവർക്ക് ഭൂമിയുടെ ചരിഞ്ഞ അച്ചുതണ്ടിനെ വീഴാതെ പിടിച്ചു നിർത്താൻ സാധിക്കും.

●